"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആരോഗ്യ വകുപ്പ് - ജീവനക്കാര്യം - ഗൈനക്കോളജി വിഭാഗം ജൂനിയർ കൺസൾട്ടന്റ് ഡോ.ബിയാമോൾ ബേബി ബഹു:ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA 901/2025-ന്മേലുള്ള 30.05.2025-ലെ അന്തിമ ഉത്തരവ് - അനുവർത്തന ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.2115/2025/H&FWD തീയതി,തിരുവനന്തപുരം, 30-07-2025

---

പരാമർശം:-

1. ഡോ.ബിയാമോൾ ബേബി ആരോഗ്യ വകുപ്പ് സെക്രട്ടറി മുമ്പാകെ സമർപ്പിച്ച 28.05.2025 തീയതിയായ അപേക്ഷ.(Annexure A10)
2. OA 901/2025-ന്മേലുള്ള ബഹു:ട്രൈബ്യൂണലിന്റെ 30.05.2025 തീയതിയായ അന്തിമ ഉത്തരവ്.
3. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 03.07.2025-ലെ DHS/16220/2025-EB3 നമ്പർ കത്ത്.

**ഉത്തരവ്**

2025-ലെ പൊതുസ്ഥലംമാറ്റത്തിൽ ഗൈനക്കോളജി വിഭാഗം ജൂനിയർ കൺസൾട്ടന്റ് ഡോ.ബിയാമോൾ ബേബിയെ കണ്ണൂർ ജില്ലയിൽ നിന്നും ഇടുക്കി ജില്ലയിലേയ്ക്ക് സ്ഥലംമാറ്റിയിരുന്നു. ഇതിനെതിരെ അപേക്ഷക ആരോഗ്യ വകുപ്പ് സെക്രട്ടറി മുമ്പാകെ പരാമർശം (1) അപ്പീൽ അപേക്ഷ സമർപ്പിക്കുകയും, ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ OA 901/2025 ഫയൽ ചെയ്യുകയും ചെയ്തിരുന്നു. പ്രസ്തുത OA യിന്മേലുള്ള പരാമർശം (2) ഉത്തരവ് പ്രകാരം 1-ാം എതിർകക്ഷിയായ ആരോഗ്യ വകുപ്പ് സെക്രട്ടറി പരാമർശം (1) അപ്പീൽ അപേക്ഷ പരിശോധിച്ച് ഉത്തരവ് കൈപ്പറ്റി ഒരു മാസത്തിനുള്ളിൽ അനുവർത്തന ഉത്തരവ് പുറപ്പെടുവിക്കുവാൻ ബഹു.ട്രൈബ്യൂണൽ നിർദ്ദേശം നൽകിയിരുന്നു.

2) കഴിഞ്ഞ് മൂന്ന് വർഷത്തോളമായി നിലവിലെ സ്ഥാപനമായ കണ്ണൂർ ജില്ലയിലെ മട്ടന്നൂർ സാമൂഹിക ആരോഗ്യ കേന്ദ്രത്തിൽ ജോലി ചെയ്തു വരുന്നുവെന്നും ഹോം സ്റ്റേഷനായ കോട്ടയം

ജില്ലയിലേയ്ക്ക് പൊതുസ്ഥലംമാറ്റത്തിന് അപേക്ഷ സമർപ്പിക്കുകയും, ആദ്യത്തെ 8 ഓപ്ഷനുകളും കോട്ടയം ജില്ലയിലെ സ്ഥാപനങ്ങളിലേയ്ക്കാണ് നൽകിയിരുന്നതെങ്കിലും, കോട്ടയം ജില്ലയിൽ നിയമനം അനുവദിക്കാതെ 18-ാമത്തെ ഓപ്ഷനായ ഇടുക്കി ജില്ലയിലെ അടിമാലി താലൂക്ക് ആശുപത്രിയിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ നിയമനം നൽകുകയാണുണ്ടായതെന്നും, കോട്ടയം ജില്ലയിൽ 8 വർഷത്തിൽ കൂടുതൽ ജോലി ചെയ്തു വരുന്ന 4 ഡോക്ടർമാർ ഉള്ളതായി അറിയാൻ കഴിഞ്ഞതായും പരാമർശം (1) അപ്പീൽ അപേക്ഷയിൽ അപേക്ഷക പറഞ്ഞിരുന്നു. കഴിഞ്ഞ മൂന്നര വർഷക്കാലവും കോട്ടയം ജില്ലയിൽ ഒഴിവ് വരുമ്പോൾ അപേക്ഷ നൽകിയിരുന്നെങ്കിലും, ഒന്നും പരിഗണിച്ചിരുന്നില്ല എന്നും, 12-ാമത്തെ ഓപ്ഷനായ മൂവാറ്റുപുഴയിൽ നിലവിലെ പൊതുസ്ഥലംമാറ്റത്തിൽ നിയമനം നൽകിയിരിക്കുന്ന മെഡിക്കൽ ഓഫീസർ അതേ ജില്ലയിൽ തന്നെ വർഷങ്ങളായി ജോലി ചെയ്തിരുന്ന ആളാണെന്നും, ഭർത്താവും മൂന്നു കുട്ടികളുമുള്ള കുടുംബത്തിൽ നിന്നകന്ന് കഴിഞ്ഞ 4 വർഷക്കാലയമായി 350 കി.മീ. ദൂരെ മാറി ജോലി ചെയ്യുന്നതായും, ഇളയ കുഞ്ഞിന് 2 വയസ്സ് മാത്രമാണ് പ്രായമെന്നും, നിരന്തരമുള്ള ദീർഘദൂര യാത്ര ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാക്കുന്നതായും, നിലവിൽ സ്ഥലംമാറ്റിയിരിക്കുന്ന അടമാലി താലൂക്ക് ആശുപത്രിയിലേയ്ക്ക് വീട്ടിൽ നിന്നും 112 കി.മീ. ദൂരമുള്ളതും മലയോരപ്രദേശവുമാണെന്നും പരാമർശം (1) അപേക്ഷയിൽ പരാമർശിച്ചിരുന്നു.

3) 2025 ലെ ജനറൽ ട്രാൻസ്ഫറിൽ മട്ടന്നൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലെ ഗൈനക്കോളജി വിഭാഗം ജൂനിയർ കൺസൾട്ടന്റ് ഡോ.ബിയമോൾ ബേബിയെ അടിമാലി താലൂക്ക് ആശുപത്രിയിലേക്ക് സ്ഥലം മാറ്റുകയും,29/08/2021 ൽ മട്ടന്നൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ജോലിയിൽ പ്രവേശിച്ച ഡോ. ബിയമോൾ ബേബി 2025 ലെ പൊതു സ്ഥലം മാറ്റത്തിൽ 29 സ്റ്റേഷനുകളിലേക്ക് ഓപ്ഷൻ സമർപ്പിച്ചിരുന്നുവെന്നും, ടിയാൾ സമർപ്പിച്ച ആദ്യത്തെ 11 ഓപ്ഷനുകളിൽ 3 വർഷം പൂർത്തിയാക്കിയവർ ഇല്ലാത്തതാണെന്നും, ഫോർട്ട് കൊച്ചി താലൂക്ക് ആസ്ഥാന ആശുപത്രിയിൽ 25/02/2021 ൽ ജോലിയിൽ പ്രവേശിച്ചതും ഡോ. ബിയമോൾ ബേബിയെക്കാൾ സ്റ്റേഷൻ സീനിയോറിറ്റിയുള്ള ഡോ.അനു അലിയാരെ 12-ാം ഓപ്ഷനായ മുവാറ്റുപുഴ ജനറൽ ആശുപത്രിയിലേക്ക് പരിഗണിച്ചിരുന്നെന്നും ആരോഗ്യ വകുപ്പ് ഡയറക്ടർ പരാമർശം (3) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു. ഡോ.ബിയമോൾ ബേബി ഓപ്ഷൻ സമർപ്പിച്ച 13, 14, 15 സ്റ്റേഷനുകളിൽ 3 വർഷം പൂർത്തിയാക്കിയവർ ഇല്ലാത്തതാണെന്നും, കോന്നി താലൂക്ക് ആശുപത്രിയിൽ 20/08/2017 ൽ ജോലിയിൽ പ്രവേശിച്ചതും ഡോ.ബിയമോൾ ബേബിയെക്കാൾ സ്റ്റേഷൻ സീനിയോറിറ്റിയുള്ള ഡോ.പ്രജി എസ്. പ്രസാദിനെ 16-ാം ഓപ്ഷനായ ചെങ്ങന്നൂർ ജില്ലാ ആശുപത്രിയിലേക്ക് പരിഗണിക്കുകയും, 17-ാം ഓപ്ഷനായ ചേർത്തല താലൂക്ക് ആസ്ഥാന

ആശുപത്രിയിൽ 3 വർഷം പൂർത്തിയാക്കിയവർ ഇല്ലാത്തതാണെന്നും, ഈ സാഹചര്യത്തിലാണ് ഡോ.ബിയമോൾ ബേബിയെ 18-ാം ഓപ്ഷനായ അടിമാലി താലൂക്ക് ആശുപത്രിയിൽ പരിഗണിച്ചതെന്നും ആരോഗ്യ വകുപ്പ് ഡയറക്ടർ പരാമർശം (3) റിപ്പോർട്ടിൽ പറഞ്ഞിരുന്നു. പരാമർശം (1) നിവേദനത്തിൽ ഉന്നയിച്ച ഡോ.സരിത, ഡോ.ജിൻസി ജോബ്, ഡോ.ഹിത ബാബു, ഡോ.അരുൺ എന്നിവർ 30/04/2025-ൽ നിലവിലെ സ്റ്റേഷനിൽ 3 വർഷം പൂർത്തിയാക്കിയിട്ടില്ലാത്തതിനാലാണ് സ്ഥലംമാറ്റാതിരുന്നതെന്നും ആരോഗ്യ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു. വാകത്താനം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഉണ്ടായ ഒഴിവിൽ (Open vacancy) പ്രത്യേക പരിരക്ഷയുള്ള ഡോ. മിന്റോ മാർക്കോസിനെയാണ് പരിഗണിച്ചതെന്നും, എന്നാൽ ഡോ. ബിയമോൾ ബേബിയുടെ ഒന്നാമത്തെ ഓപ്ഷനായ ചങ്ങനാശ്ശേരി ജനറൽ ആശുപത്രിയിലെ ഗൈനക്കോളജി വിഭാഗം ജൂനിയർ കൺസൾട്ടന്റ് തസ്തികയിൽ, 01/06/2025 മുതൽ 6 മാസത്തേക്ക് ശൂന്യ വേതന അവധി അനുവദിച്ചതിനാൽ വിടുതൽ ചെയ്യപ്പെട്ട ഡോ.എയ്ഞ്ചൽ ലൂസി ജെയിംസിന്റെ ഒഴിവ് നിലവിലുള്ളതാണെന്നും, ഈ ശൂന്യ വേതന അവധി ഒഴിവിൽ ഡോ.ബിയമോൾ ബേബിക്ക് സ്ഥലംമാറ്റം നൽകുന്നത് പരിഗണിക്കാവുന്നതാണെന്നും പരാമർശം (3) കത്ത് പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

4)സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പരാമർശം (3) പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിൽ ഡോ.ബിയമോൾ ബേബി 2025 പൊതുസ്ഥലംമാറ്റത്തിനായി സമർപ്പിച്ച അപേക്ഷയിലെ 1-ാമത്തെ ഓപ്ഷനായ ചങ്ങനാശ്ശേരി ജനറൽ ആശുപത്രിയിൽ 01.06.2025 മുതൽ ഗൈനക്കോളജി വിഭാഗം ജൂനിയർ കൺസൾട്ടന്റിന്റെ ഒഴിവ് നിലവിലുള്ളതിനാലും ആരോഗ്യ വകുപ്പ് ഡയറക്ടർ അപേക്ഷകയെ ടി ഒഴിവിൽ നിയമിക്കാവുന്നതാണ് എന്ന് ശിപാർശ ചെയ്തിട്ടുള്ളതിനാലും, ഡോ.ബിയാമോൾ ബേബിക്ക് ചങ്ങനാശ്ശേരി ജനറൽ ആശുപത്രിയിൽ ജൂനിയർ കൺസൾട്ടന്റ് (ഗൈനക്കോളജി) തസ്തികയിലേയ്ക്ക് സ്ഥലംമാറ്റ നിയമനം നൽകി ഉത്തരവാകുന്നു.

5)ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA 901/2025-മേലുള്ള 30.05.2025-ലെ ഉത്തരവ് ഇപ്രകാരം അനുവർത്തനം ചെയ്തുകൊള്ളുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ചിത്ര കെ ദിവാകരൻ
ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം.
ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) കോട്ടയം/കണ്ണൂർ.
ഡോ.ബിയാമോൾ ബേബി, ജൂനിയർ കൺസൾട്ടന്റ് (ഗൈനക്കോളജി), സാമൂഹിക ആരോഗ്യ കേന്ദ്രം,

മട്ടന്നൂർ, കണ്ണൂർ.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.

കരുതൽ ഫയൽ (എ2/336/2025-ഹെൽത്ത്)

ഉത്തരവിൻ പ്രകാരം

Signed by

Anupama G Nair

Date: 30-07-2025 13:22:04

സെക്ഷൻ ഓഫീസർ

മേലെഴുത്ത് കത്ത് നം.**DHS/16220/2025-EB3 dt 30-07-2025**

സർക്കാർ ഉത്തരവിൻറെ പകർപ്പ് അറിവിലേക്കും അനന്തര നടപടികൾക്കുമായി വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു.

Signed by
Reena K J
Date: 30-07-2025 21:50:08

ആരോഗ്യവകുപ്പ് ഡയറക്ടർ